**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1245** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** പുനലൂർ മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ മേഖലയിലും സാങ്കേതിക വിദ്യാഭ്യാസ രംഗത്തും നിലവിൽ പ്രവർത്തിച്ചു വരുന്ന കോളേജുകളിൽ സർക്കാർ, എയ്ഡഡ്, ആട്ടോണമസ്, സ്വാശ്രയ കോളേജുകൾ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുനലൂർ നിയോജക മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ കോളേജ് പുനലൂർ, സെന്റ് ജോൺസ് കോളേജ്, അഞ്ചൽ എന്നീ രണ്ട് എയ്ഡഡ് കോളേജുകളാണുള്ളത്.

കൂടാതെ പുനലൂർ നിയോജക മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സർക്കാർ പോളിടെക്നിക് കോളേജ്, പുനലൂർ സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , നെല്ലിപ്പള്ളി, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, കുളത്തൂപ്പുഴ എന്നിവയും പ്രവർത്തിച്ചു വരുന്നു .

**(ബി)** പുനലൂർ മണ്ഡലത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് അസാപ്പിന്റെ (എ. എസ്. എ. പി.) പഠന സൗകര്യങ്ങൾ ഏറ്റവുമടുത്ത് ലഭിക്കുന്നതിനായി പുതിയ എ. എസ്. എ. പി. പഠന കേന്ദ്രം പുനലൂർ മണ്ഡലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാകുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പുനലൂർ മണ്ഡലത്തിൽ പുതിയ അസാപ് പഠന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**